## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6527 | 01.11.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത് |

### വയനാട് ജില്ലയിൽ ശ്രീചിത്തിര മെഡിക്കൽ സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞമ്മദ് മാസ്റ്റർ:<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. സി. കൃഷ്ണൻ:<br>ശ്രീ. പി.റ്റി. എ റഹിം: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | മലബാറിലെ ഹൃദ്രോഗികൾക്ക് ഏറെ ഗുണം ചെയ്യുന്ന ശ്രീചിത്തിര മെഡിക്കൽ സെന്റർ വയനാട് ജില്ലയിൽ എവിടെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര ഏക്കർ സ്ഥലം കണ്ടെത്തിയെന്ന് വിശദമാക്കാമോ; | (എ) & (ബി) | വയനാട് ജില്ലയിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. ഇതിനായുള്ള സ്ഥലമേറ്റെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി ഏകദേശം നൂറ് ഏക്കർ സ്ഥലം ആവശ്യമാണ്. ഇതിനായി ലക്കിടി ഡിവിഷനിലെ പ്രിയദർശിനി എസ്റ്റേറ്റ്, മാനന്തവാടിയിലെ ഗ്ലെൻ ലാവൻ എസ്റ്റേറ്റ്, ചുണ്ടേലിലെ പെരുന്തട്ട എസ്റ്റേറ്റ്, വൈത്തിരിയിലെ കുറിച്ച്യാർമല എസ്റ്റേറ്റ്, മാനന്തവാടിയിലെ കാട്ടിക്കുളം എസ്റ്റേറ്റ്, സുൽത്താൻ ബത്തേരിയിലെ ബിനാച്ചി എസ്റ്റേറ്റ്, എന്നീ സ്ഥലങ്ങൾ പരിഗണിച്ചു വരികയാണ്. |
| (ബി) | ഇതിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത മെഡിക്കൽ സെന്ററിനായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിരുന്നോ; എങ്കിൽ എത്ര; ഈ സർക്കാർ ഇതിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്; | (സി) | 2011 ജൂലൈ 8 - ന് നടത്തിയ 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട് SCIMT സെന്ററിനായി 2 കോടി രൂപ വക കൊള്ളിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 2011 ഒക്ടോബർ മാസത്തെ ഉപധനാഭ്യർത്ഥനയിൽ 4210-04-200-94 ശീർഷകത്തിൽ Token provision വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ മെഡിക്കൽ സെന്ററിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | മെഡിക്കൽ സെന്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായതിന് ശേഷം ഇത് സംബന്ധിച്ച് ഔദ്യോഗികമായി അപേക്ഷിക്കുന്നതാണ്. |
| (ഇ) | ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | സ്ഥലമേറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ച് ഏകദേശം അഞ്ച് വർഷത്തിനുള്ളിൽ ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ആഫീസർ